**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1408 04.12.2014-ലെ മറുപടിക്ക്

## മരാമത്ത് കരാറുകാർക്ക് കൊടുത്തു തീർക്കുവാനുള്ള കുടിശ്ശിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മാത്യു.റ്റി.തോമസ്<br>" സി.കെ. നാണു<br>" ജോസ് തെറ്റയിൽ<br>ശ്രീമതി. ജമീല പ്രകാശം | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ). ഈ സർക്കാർ വന്നതിനു ശേഷം മരാമത്ത് പണികളുടെ ഷെഡ്യൂൾസ് ഓഫ് റേറ്റ്സ് എത്ര തവണ പരിഷ്കരിച്ചു എന്ന് വിശദമാക്കാമോ; | (എ). ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 01.10.2012-ൽ ഷെഡ്യൂൾ ഓഫ് റേറ്റ് പരിഷ്കരിച്ചിട്ടുണ്ട്. 01.10.2013 മുതൽ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് സംസ്ഥാനത്തും നടപ്പാക്കാനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി). നിരക്ക് പരിഷ്കരണങ്ങൾ കഴിഞ്ഞതിനു ശേഷവും എസ്റ്റിമേറ്റിനെക്കാൾ അധികരിച്ച നിരക്കുകൾ ടെൻഡറുകളിൽ സമർപ്പിച്ചു വരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; | (ബി). പരിശോധിച്ചിട്ടുണ്ട്. ടെണ്ടറുകൾ അംഗീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാനുള്ള കാലതാമസവും മെറ്റീരിയൽസിലും ലേബർ ചാർജ്ജിലും അടിക്കടി ഉണ്ടാകുന്ന വില വർദ്ധനവും ചെയ്യുന്ന പണിയുടെ ബിൽ തുക ലഭ്യമാകുന്നതിനു ള്ള കാലതാമസവുമാണ് അധിക നിരക്ക് ക്വാട്ട് ചെയ്യാൻ കാരണം. |
| (സി). മരാമത്ത് കരാറുകാർക്ക് എത്ര രൂപ കുടിശ്ശിക കൊടുത്തു തീർക്കുവാനുണ്ട്; പ്രസ്തുത തുക എന്നത്തേയ്ക്ക് കൊടുത്തു തീർക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (സി). പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 01.04.2014 മുതൽ 30.09.2014 വരെ 1403.53 കോടി രൂപയും കെട്ടിട വിഭാഗത്തിൽ 01.01.2014 മുതൽ 30.09.2014 വരെയുള്ള 327 കോടി രൂപയും ദേശീയ പാതാ വിഭാഗത്തിൽ 01.05.2014 മുതലുള്ള 52.43 കോടി രൂപയുമാണ് കുടിശ്ശികയുള്ളത്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് മുൻഗണനാക്രമത്തിൽ കാലവിളംബം കൂടാതെ കുടിശ്ശിക കൊടുത്തു തീർക്കാനാണ് ശ്രമിക്കുന്നത്. |

(ഡി). കരാറുകാർക്ക് കുടിശ്ശിക കൊടുത്തു തീർക്കാത്തതുമൂലം കരാറുകാർ പണികൾ ഏറ്റെടുക്കുവാൻ വൈമുഖ്യം കാണിക്കുന്നതും അധികരിച്ച നിരക്കുകൾ സമർപ്പിക്കുന്നതും പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

കുടിശ്ശിക കൊടുത്തു തീർക്കാത്തതുമൂലം കരാറുകാർക്കുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതുമൂലം പണികൾ ഏറ്റെടുക്കുവാൻ വൈമുഖ്യം കാണിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ